GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/07/2026

1. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ( KSBB ) 2025-ലെ സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണം, പാരമ്പര്യ അറിവുകളുടെ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, ജനകീയ പങ്കാളിത്തത്തോടെയുള്ള ജൈവ വൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തികൾ, കർഷകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ആദരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 15 ജൈവ വൈവിധ്യ പുരസ്ക്കാരങ്ങൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അവാർഡിനുള്ള

അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 2026 ജൂലൈ 31-നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമിനും ബോർഡിന്റെ വെബ്സൈറ്റായ www.kerlabloiversity.org സന്ദർശിക്കുകയോ 0471 2724740 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. സപ്ലൈകോയ്ക്കു വേണ്ടി 2026 -27 സീസണിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ മില്ലുടമകളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. അപേക്ഷകർക്ക് ഈ രംഗത്ത് ചുരുങ്ങിയത് മൂന്നുവർഷത്തെ പ്ര വൃത്തിപരിചയം ഉണ്ടായിരിക്കണം. സപ്ലൈകോ നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരം പ്രവർത്തിക്കണം. താൽപ്പര്യപത്രം എറണാകുളം കടവന്ത്ര സപ്ലൈകോ ഹെഡ് ഓഫീസിൽ ഓഗസ്റ്റ് അഞ്ചിനു മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് www.supplycopaddy.in സന്ദർശിക്കുക.

3. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) - ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു.

അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യ സീസണായ ഖാരിഫിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ജൂലൈ 31 വരെ നീട്ടി. വിള ഇൻഷുറൻസ് ഏജൻറുമാർ, സി.എസ്.സി. എന്നിവ വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ബാങ്ക് വായ്പയെടുത്ത കർഷകർക്ക് ബാങ്ക് മുഖാന്തരം ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം.

4. തൃശ്ശൂർ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അഗ്രോ ഇന്നോവേഷൻ പാർക്കിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 1 -ന് "ഗാർഹിക സഹചര്യത്തിൽ കൂൺ വിത്ത് ഉൽപ്പാദനവും കൃഷിയും" എന്ന

**വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.** വിശദ വിവരങ്ങൾക്ക് 9447814390 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ–പഠന കേന്ദ്രം നടത്തിവരുന്ന **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 ആഗസ്റ്റ് 10** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേല്പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് **ആഗസ്റ്റ് 10** മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. ഫോൺ : 0487–2438566.

6. കാർഷിക സർവകലാശാലയുടെ വിവിധ കാമ്പസുകളിൽ നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ സയൻസസ് ,ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 31 വരെ നീട്ടി.

വിശദവിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും സർവകാലശാലയുടെ അഡ്മിഷൻ വെബ് പോർട്ടലായ www.admissions.kau.in സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : 0487 2438136

**കാർഷിക നിർദ്ദേശം**

7. വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. വണ്ടുകൾ ചെടിയുടെ അവശിഷ്ടഭാഗങ്ങളിലും അഴുകിയ വസ്തുക്കളിലുമാണ് ഒളിച്ചിരിക്കുന്നത്. ഇവയുടെ ആക്രമണം തടയുന്നതിന് ആദ്യമായി ചെയ്യേണ്ടത് കൃഷിയിടം വൃത്തിയാക്കി വെയ്ക്കുക എന്നതാണ്. വേപ്പിൻ സത്തടങ്ങിയ കീടനാശിനിരൂപികകൾ (1%) 4 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴയുടെ തടഭാഗത്തും ഇലക്കവിളുകളിലും തളിക്കുന്നത് നല്ലതാണ്. ആക്രമണം രൂക്ഷമാകുമ്പോൾ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇലക്കവിളിലും വാഴത്തടയിലും ഒഴിക്കുക. നേന്ത്രവാഴയ്ക്ക് ചിലയിടങ്ങളിൽ ബാക്ടീരിയമൂലം ഉണ്ടാകുന്ന മാണംഅഴുകൽ രോഗം കാണുന്നുണ്ട്. വാഴയുടെ ഇലകൾ മഞ്ഞളിക്കുകയും, വാഴകൈകകൾ ഒടിയുകയും ക്രമേണവാഴ കടയോടെ

മറിഞ്ഞു വീഴുകയും ചെയ്യും. വാഴയുടെ മാണം ചീഞ്ഞ് അഴുകിയതായും കാണാം. മണ്ണിലൂടെയാണ് രോഗം പകരുന്നത് എന്നതുകൊണ്ട് ഇത് നിയന്ത്രിക്കുന്നതിനായി നീർവാർച്ച ഉറപ്പുവരുത്തണം. സ്ട്രെപ്റ്റോസൈക്ലിൻ ആന്റിബയോട്ടിക് 2 ഗ്രാം, കോപ്പർഹൈഡ്രോക്സൈഡ് 20 ഗ്രാം ഇവയിൽ ഏതെങ്കിലും ഒന്ന് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിരോഗം വന്ന വാഴയുടെയും, ചുറ്റും നിൽക്കുന്നവയുടെയും കടയ്ക്കൽ മണ്ണുകുതിരുന്ന വിധത്തിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുക.